I/87396/2023

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**

**ജില്ലാ നഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് -ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കൊല്ലം- പവിത്രേശ്വരം ഗ്രാമപഞ്ചായത്തിൽ പവിത്രേശ്വരം വില്ലേജിൽ സർവേ നമ്പർ 33/14, 33/15, 33/15-1, 33/15-2, 33/20, 34/2, 34/3, 34/4-2, 34/4-3, 34/5, 34/6, 34/7, 34/8, 34/9, 34/10-2, 34/11, 34/12, 42/1-2, 42/2-2, 42/2-3, 42/6, 42/7, 43/3, 43/6, 43/7, 48/13, 48/13-2, 50/2, 32/13-1, 32/13-2, 43/2, 43/11, 43/14, 43/15, 43/16, 43/17, 48/1, 48/2, 48/3, 48/4, 48/4-2, 48/5, 48/6, 48/7, 48/8, 48/9, 48/10, 48/11, 48/12, 48/14, 49/1-2, 49/2, 49/3, 49/4, 49/5, 49/11, 49/12, 49/12-2, 49/13, 49/14, 49/15, 49/16, 49/17, 50/3, 50/4, 50/5, 50/6-2, 50/6-3 എന്നിവയിൽ ഉൾപ്പെട്ട 845.99 ആർ സ്ഥലത്ത് 50.34 ച മീ വിസ്തൃതിയിൽ നിലവിലുള്ള വാസഗൃഹത്തിനു പുറമേ 1726.77 ചാ മീ വിസ്തൃതിയുള്ള രണ്ട് നിലകളും സ്റ്റെയർ റൂമും ഉൾപ്പെടുന്ന ആയുർവേദ മരുന്ന് നിർമ്മാണ യൂണിറ്റ് (ഗ്രൂപ് ജി 2 ഇൻഡസ്ട്രിയൽ വിഭാഗത്തിൽ ഉൾപ്പെട്ടുഉൾപ്പെടുന്നത്) നിർമ്മിക്കുന്നതിനായി ചെയർമാൻ, ശ്രീനാരായണ ഹെൽത്ത് കെയർ സൊസൈറ്റി, കരിമ്പിൻപുഴ പി ഓ, പാങ്ങോട്, പുത്തൂർ - ന് ലേയൗട്ട്/ യൂസേജ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- ചെയർമാൻ ശ്രീ. നാരായണ ഹെൽത്ത് കെയർ സൊസൈറ്റിയുടെ 13.02.2023 ലെ അപേക്ഷ.

**ഉത്തരവ് നമ്പർ TCPKLM/83/2023/C തീയതി 28-02-2023**

പവിത്രേശ്വരം ഗ്രാമപഞ്ചായത്തിൽ പവിത്രേശ്വരം വില്ലേജിൽ സർവേ നമ്പർ 33/14, 33/15, 33/15-1, 33/15-2, 33/20, 34/2, 34/3, 34/4-2, 34/4-3, 34/5, 34/6, 34/7, 34/8, 34/9, 34/10-2, 34/11, 34/12, 42/1-2, 42/2-2, 42/2-3, 42/6, 42/7, 43/3, 43/6, 43/7, 48/13, 48/13-2, 50/2, 32/13-1, 32/13-2, 43/2, 43/14, 43/15, 43/16, 43/17, 48/1, 48/2, 48/3, 48/4, 48/4-2, 48/5, 48/6, 48/7, 48/8, 48/9, 48/10, 48/11, 48/12, 48/14, 49/1-2, 49/2, 49/3, 49/4, 49/5, 49/11, 49/12, 49/12-2, 49/13, 49/14, 49/15, 49/16, 49/17, 50/3, 50/4, 50/5, 50/6-2, 50/6-3 എന്നിവയിൽ ഉൾപ്പെട്ട 845.99 ആർ സ്ഥലത്ത് 50.34 ച മീ വിസ്തൃതിയിൽ നിലവിലുള്ള വാസഗൃഹത്തിനു പുറമേ 1726.77 ചാ മീ വിസ്തൃതിയുള്ള രണ്ട് നിലകളും സ്റ്റെയർ റൂമും ഉൾപ്പെടുന്ന ആയുർവേദ മരുന്ന് നിർമ്മാണ യൂണിറ്റ് (ഗ്രൂപ് ജി 2 ഇൻഡസ്ട്രിയൽ വിഭാഗത്തിൽ ഉൾപ്പെട്ടുഉൾപ്പെടുന്നത്) നിർമ്മിക്കുന്നതിനായി ചെയർമാൻ, ശ്രീനാരായണ ഹെൽത്ത് കെയർ സൊസൈറ്റി, കരിമ്പിൻപുഴ പി ഓ, പാങ്ങോട്, പുത്തൂർ സമർ പ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KPBR 2019 നും താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേയൗട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി/ ഒക്യൂപെൻസി നൽകുവാൻ പാടുള്ളു.

I/87396/2023

2. KPBR 2019 ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിൻറെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലായെന്ന് സെക്രട്ടറി ഉറപ്പാക്കണം.
3. മറ്റു വകുപ്പുകൾ/ ഏജൻസികൾ എന്നിവയിൽ നിന്നും ആവശ്യമായ NOC കൾ ലഭ്യമാക്കേണ്ടതാണ്.
4. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ലായെന്നും 2008 ലെ നെൽവയൽ തണ്ണീർത്തടനിയമം/ അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
5. ടി കെട്ടിടത്തിന്റെ നിർമ്മാണം, ഉപയോഗം എന്നിവ മൂലം സമീപവാസികളുടെ സ്വൈര ജീവിതത്തിനും സുരക്ഷയ്ക്കും യാതൊരു വിധമായ ഭീഷണിയോ, പാരിസ്ഥിതിക പ്രശ്നങ്ങളോ ശബ്ദ, വായു, ജല മലിനീകരണ പ്രശ്നങ്ങളോ മറ്റ് അനുബന്ധ പ്രത്യാഘാതങ്ങളോ ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
6. പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങൾ അംഗീകൃതമാണെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
7. നിർദ്ദിഷ്ട ലേ-ഔട്ടിൽ, പരിസരവാസികൾക്ക് ദോഷമുണ്ടാകാത്ത വിധത്തിൽ, ഡ്രെയിനേജിനുള്ള (മഴവെള്ളം /മലിനജലം) സൗകര്യം നല്കിയിരിയ്ക്കണം.
8. നിർമ്മാണം കെ.പി.ബി.ആർ. 2019 ചട്ടം 79 ന് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
9. ചട്ടം അനുസരിച്ച് ആവശ്യമായ പാർക്കിങ് (വാഹനങ്ങൾ തിരിക്കാനും മറ്റും ആവശ്യമായ സ്ഥലം ഉൾപ്പെടെ) പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റിവച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
10. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ/ സമീപപ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിക്കുന്നില്ല എന്നു സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
11. നിർമ്മാണം കെ.പി.ബി.ആർ. 2019 നും അനുബന്ധഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായ നിർമ്മാണ/ വികസന അനുമതി അതതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>5/2023 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.</u>

Signed by
TOWN PLANNER
Shary M V
Date: 28-02-2023 14:52:19

ഉള്ളടക്കം : പ്ലാൻ ഒരു സെറ്റ്

I/87396/2023

ചെയർമാൻ, ശ്രീനാരായണ ഹെൽത്ത് കെയർ സൊസൈറ്റി, കരിമ്പിൻപുഴ പി ഓ, പാങ്ങോട്,
പുത്തൂർ

പകർപ്പ്: സെക്രട്ടറി, പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്